**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 930** **11-02-2025 - ൽ മറുപടിയ്ക്ക്**

**പുനലൂർ മണ്ഡലത്തിലെ വനം ടൂറിസം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ**<br>**(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | പുനലൂർ മണ്ഡലത്തിൽ നിലവിലുള്ള വനം ടൂറിസം പദ്ധതികളും അവയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ; | (എ) | പുനലൂർ മണ്ഡലത്തിൽ നിലവിലുള്ള വനം ടൂറിസം പദ്ധതികളും അവയുടെ വിശദാംശങ്ങളും<br><br>. പുനലൂർ ഫോറസ്റ്റ് ഡിവിഷന്റെ പരിധിയിൽ അഞ്ചൽ റെയിഞ്ചിൽ കുടുക്കത്തുപാറ ഇക്കോടൂറിസം സെന്റർ സ്ഥിതി ചെയ്യുന്നു. എല്ലാ ദിവസവും രാവിലെ 10.00 മണി മുതൽ വൈകിട്ട് 5.00 വരെ സന്ദർശകർക്ക് പ്രവേശനം ഉണ്ട്. സന്ദർശകരെ സഹായിക്കുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനുമായി ഗൈഡുകളെ നിയോഗിക്കുകയും അതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ അടങ്ങിയ ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കുടുക്കത്തുപാറ സന്ദർശിക്കുന്നവരുടെ സുരക്ഷക്കായി പടികൾ, കൈവരികൾ, സി.സി.ടി.വി. ക്യാമറ, പ്രാഥമിക ആവശ്യങ്ങൾക്കായുള്ള ടോയിലറ്റ് ബ്ലോക്കുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഇക്കോടൂറിസം പ്രദേശം സന്ദർശിക്കുന്ന സഞ്ചാരികൾക്കായി യുണൈറ്റഡ് ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് ഇൻഷുറൻസ് പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.<br><br>. അച്ചൻകോവിൽ ഫോറസ്റ്റ് ഡിവിഷന്റെ പരിധിയിലുള്ള അച്ചൻകോവിൽ റെയിഞ്ചിൽ മണലാർ-കുംഭാവുരുട്ടി എന്ന പേരിൽ ഇക്കോടൂറിസം കേന്ദ്രം പ്രവർത്തിച്ചു വരുന്നുണ്ട്. പ്രതിവർഷം ഒരു ലക്ഷം മുതൽ ഒന്നര ലക്ഷത്തോളം വിനോദ സഞ്ചാരികൾ ടി കേന്ദ്രത്തിൽ എത്തിച്ചേരുന്നുണ്ട്. ടി കേന്ദ്രത്തിൽ സന്ദർശനം നടത്തുന്ന വിനോദ സഞ്ചാരികളിൽ നിന്നും ഓരോ വർഷവും ഏകദേശം അറുപത് ലക്ഷം രൂപ മുതൽ ഒരു കോടി രൂപ വരെ വരുമാനം ശേഖരിക്കുവാൻ കഴിയുന്നുണ്ട്.<br><br>. തിരുവനന്തപുരം ഫോറസ്റ്റ് ഡിവിഷന്റെ പരിധിയിലുള്ള കുളത്തൂപ്പുഴ റെയിഞ്ചിൽ കുളത്തൂപ്പുഴ |

| | | | |
|---|---|---|---|
| | | | മ്യൂസിയം 18.08.2023 തീയതി മുതൽ പ്രവർത്തനം ആരംഭിച്ചു. കളരി ഓഡിറ്റോറിയം, ടിംബർ മ്യൂസിയം, ഒഗ്മെന്റേഷൻ റിയാലിറ്റി ഷോ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സംവിധാനത്തോട് കൂടി വിർച്വൽ ഷോ, ട്രൈബൽ ഹട്ട് എന്നിവ കൂടി വനം മ്യൂസിയത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്നു. കൂടാതെ സന്ദർശകർക്കായി കഫറ്റീരിയയും വനോൽപ്പന്നങ്ങൾ വിൽക്കുന്ന വനശ്രീ ഇക്കോ ഷോപ്പും പ്രവർത്തിച്ചു വരുന്നു.<br><br>. തെന്മല ഫോറസ്റ്റ് ഡിവിഷന്റെ പരിധിയിലുള്ള ആര്യങ്കാവ് റെയിഞ്ചിൽ പാലരുവി ഇക്കോടൂറിസം സെന്റർ സ്ഥിതി ചെയ്യുന്നു. ഈ ടൂറിസം സെന്ററിൽ സഞ്ചാരികളെ പാലരുവിയുടെ പ്രവേശന കവാടത്തിൽ നിന്നും 4 കി.മീ. അകലെയുള്ള വെള്ളച്ചാട്ടത്തിലേക്ക് വനം വകുപ്പിന്റെ വാഹനങ്ങളിൽ കൊണ്ടുപോയി തിരിച്ച് കൊണ്ടു വരുന്നു. സഞ്ചാരികൾക്ക് വെള്ളച്ചാട്ടത്തിൽ കുളിക്കുന്നതിനും മറ്റുമുള്ള സൗകര്യങ്ങൾ ഒരുക്കുകയും കൂടാതെ കഫറ്റീരിയ, ഇക്കോഷോപ്പ്, ടോയിലറ്റ് എന്നീ സൗകര്യങ്ങളും നൽകി വരുന്നു. |
| (ബി) | പ്രസ്തുത ടൂറിസം പദ്ധതികൾക്ക് വേണ്ടി ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ; ചെലവഴിച്ച തുകയും വിശദവിവരങ്ങളും ലഭ്യമാക്കാമോ; | (ബി) | ഇത് സംബന്ധിച്ച വിശദവിവരം പട്ടിക രൂപത്തിൽ അനുബന്ധം (എ) ആയി ചേർക്കുന്നു |
| (സി) | കുളത്തൂപ്പുഴ വനം മ്യൂസിയത്തിന്റെ രണ്ടാംഘട്ട നവീകരണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; അവ നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; ; | (സി) | കുളത്തൂപ്പുഴ വനം മ്യൂസിയത്തിന്റെ രണ്ടാംഘട്ട നവീകരണവുമായി ബന്ധപ്പെട്ട് പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ല. |
| (ഡി) | കുംഭാവുരുട്ടി വെള്ളച്ചാട്ടം, പാലരുവി വെള്ളച്ചാട്ടം എന്നിവയുടെ നവീകരണത്തിന് വേണ്ടി തയ്യാറാക്കിയ പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കുമോ; പാലരുവി ജലപാതത്തിലേക്ക് സഞ്ചാരികളെ എത്തിക്കുന്നതിന് വകുപ്പിന്റെ എത്ര വാഹനങ്ങൾ ക്രമീകരിച്ചിട്ടുണ്ടെന്നും നിലവിൽ എത്ര വാഹനങ്ങൾ സേവനം ചെയ്യുന്നുണ്ടെന്നും വ്യക്തമാക്കുമോ ; സഞ്ചാരികളുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യങ്ങളിൽ ക്രമീകരിച്ചിട്ടുള്ള ബദൽ മാർഗങ്ങൾ വിശദമാക്കാമോ; | (ഡി) | മണലാർ-കുഭാവുരുട്ടി ഇക്കോടൂറിസത്തിന്റെ ഭാഗമായ കുംഭാവുരുട്ടി വെള്ളച്ചാട്ടത്തിന്റെ നവീകരണത്തിനും പ്രകൃതിക്ക് അനുസൃതമായ രീതിയിലുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കേരളത്തിലെ 20 ഇക്കോ ടൂറിസം കേന്ദ്രങ്ങൾ ഉൾപ്പെടുത്തി ഒരു സമഗ്ര ഇക്കോ ടൂറിസം മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നു. കുംഭാവുരുട്ടി, പാലരുവി ഇക്കോ ടൂറിസം കേന്ദ്രങ്ങൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. പാലരുവി ഇക്കോ ടൂറിസത്തിന്റെ നവീകരണത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധം (ബി ) ആയി ചേർക്കുന്നു .<br><br>പാലരുവി ഇക്കോ ടൂറിസത്തിൽ സഞ്ചാരികളെ കൊണ്ടുപോകുന്നതിനായി നിലവിൽ 4 |

| | | | |
|---|---|---|---|
| | | | വാഹനങ്ങളാണ് ക്രമീകരിച്ചിട്ടുള്ളത്.<br><br>സഞ്ചാരികളുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യങ്ങത്തിൽ **K.S.R.T.C** യിൽ നിന്നും ബസ് വാടകയ്ക്ക് എടുത്ത് സഞ്ചാരികളെ കൊണ്ടു പോകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഇ) | മറ്റു വകുപ്പുകളുമായി ചേർന്ന് പുനലൂർ മണ്ഡലത്തിലെ വനം ടൂറിസത്തിന് സാധ്യതയുള്ള പ്രദേശങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (ഇ) | മറ്റു വകുപ്പുകളുമായി ചേർന്ന് വനം ടൂറിസത്തിന് സാധ്യതയുള്ള പുനലൂർ മണ്ഡലത്തിലെ പ്രദേശങ്ങൾ നിലവിൽ കണ്ടെത്തിയിട്ടില്ല. |
| (എഫ്) | ആര്യങ്കാവ് പഞ്ചായത്തിൽ ഉൾപ്പെട്ട രാജാത്തോട്ടം, ജുവൽ മല, അച്ചൻകോവിൽ, മാമ്പഴത്തറ തുടങ്ങിയ ടൂറിസം സാധ്യതയുള്ള പ്രദേശങ്ങളെ സഞ്ചാരികൾക്ക് സന്ദർശിക്കാൻ കഴിയുന്ന നിലയിലുള്ള ടൂറിസം കേന്ദ്രങ്ങളായി ഉയർത്തുന്നതിന് സാധ്യതയുണ്ടോ എന്നത് പരിശോധിച്ചിട്ടുണ്ടോ; അതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (എഫ്) | പ്രസ്തുത പ്രദേശങ്ങളെ സഞ്ചാരികൾക്ക് സന്ദർശിക്കാൻ കഴിയുന്ന നിലയിലുള്ള ടൂറിസം കേന്ദ്രങ്ങളായി ഉയർത്തുന്നതിന് സാധ്യതകൾ നിലവിൽ പരിശോധിച്ചിട്ടില്ല. ഇക്കോടൂറിസം മാർഗ്ഗനിർദ്ദേശങ്ങൾക്കും അംഗീകൃത വർക്കിംഗ് പ്ലാനുകൾക്കും വിധേയമായി മാത്രമേ ടി പ്രദേശങ്ങളിലെ ടൂറിസം സാധ്യതകൾ പരിശോധിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ഡിവിഷൻ | പ്രവൃത്തി | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| പുനലൂർ | ആർട്ടിസ്റ്റിക് പെയിന്റിംഗും നവീകരണവും | 2.43 |
| | വയർലെസ് റിപ്പീറ്റർ | 2.76 |
| | ടോയിലറ്റ് ബ്ലോക്ക് | 1.43 |
| | ആർട്ടിസ്റ്റിക് ആർച്ച് & ഗേറ്റ് | 4.31 |
| | സി.സി.ടി.വി | 0.40 |
| | **Total** | **11.33** |
| അച്ചൻകോവിൽ | കുംഭാവുരുട്ടി ജലപാതയിലെ അപകടകരമായ കുഴി നികത്തൽ | 18.50 |
| | കുളിക്കടവിലെ കൈവരിയുടെ നിർമ്മാണം | 0.91 |
| | കമാൻഡോ നെറ്റ് നിർമ്മാണം | 0.145 |
| | കുംഭാവുരുട്ടി ഇക്കോ ടൂറിസം കേന്ദ്രത്തിൽ 3 ജി മൊബൈൽ നെറ്റ് വർക്ക് സജ്ജമാക്കൽ | 1.14 |
| | വിവിധ തരത്തിലുള്ള മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കൽ | 1.99 |
| | പാർക്കിംഗ് ഗ്രൗണ്ട് നിർമ്മാണം | 3.55 |
| | പ്രവേശന കവാടത്തിന്റെ നിർമ്മാണം | 2.97 |
| | ശൗചാലയങ്ങളുടെ നിർമ്മാണം | 1.56 |
| | കുംഭാവുരുട്ടി ജലപാതയിലേക്കുള്ള നടപ്പാതകളുടെ നവീകരണം | 0.95 |
| | വിനോദ സഞ്ചാരികൾക്ക് വേണ്ടിയുള്ള ഡ്രസ്സ് ചെയിഞ്ചിംഗ് റൂമിന്റെ നിർമ്മാണം | 15.00 |
| | **Total** | **46.715** |
| തിരുവനന്തപുരം | കുളത്തൂപ്പുഴ വനം മ്യൂസിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ | 548.00 |
| | **Total** | **548** |
| തെന്മല | പാലരുവി ഇക്കോ ടൂറിസം സെന്ററിന് സോളാർ വിളക്കുകൾ സ്ഥാപിച്ചത് | 0.99 |
| | പാർക്കിംഗ് ഗ്രൗണ്ടിലെ ടോയിലറ്റ് ബ്ലോക്ക് നവീകരണം | 0.73 |
| | വിനോദ സഞ്ചാരികൾക്ക് വേണ്ടിയുള്ള പഴയ ഡ്രസ്സ് ചെയിഞ്ചിംഗ് റൂമിന്റെ നവീകരണം | 1.27 |
| | വിനോദ സഞ്ചാരികൾക്ക് വേണ്ടിയുള്ള ഡ്രസ്സ് ചെയിഞ്ചിംഗ് റൂമിന്റെ നിർമ്മാണം | 2.56 |
| | ബസ്സ് യാർഡിലെ നടപ്പാതയിലെ ഇന്റർലോക്ക് പാകൽ | 4.00 |
| | പാലരുവി ബസ്സ് യാർഡിലെ ടോയിലറ്റ് ബ്ലോക്ക് | 4.20 |

| | | |
|---|---|---|
| | നവീകരണം | |
| | Dismantling and reconstructing the existing compound wall rubble work for proposed theater at palaruvi | 1.94 |
| | **Total** | 15.69 |
| | **Grand Total** | **621.735** |
| | | |

അനുബന്ധം ബി

| Sl No | | Amount (in lakhs) |
|---|---|---|
| 1 | Beautification and renovation works in existing building at the entrance portal and check post building at Kaduvappara | 11.72 |
| 2 | Renovation of existing Horse stable near the Palaruvi water falls | 8.34 |
| 3 | Installation of 3D Theatre at Palaruvi | 41.38 |
| 4 | Erecting sign boards at Palaruvi | 4.92 |
| 5 | Construction of an environment friendly tree top hut | 10.80 |
| 6 | Construction of new toilet blocks and dressing room at parking area and at water falls area | 18.04 |
| 7 | Construction of scientific waste management system | 4.80 |
| | **TOTAL** | **22.84** |